പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3848 — 17/10/2011-ൽ മറുപടിക്ക്

**അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി കോളനികളിൽ വൈദ്യുതി**

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി :

മറുപടി

കുമാരി. പി.കെ. ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം, തവളക്കുഴിപ്പാറ, മുക്കംപുഴ, അടിച്ചിൽതൊട്ടി,അരേക്കാപ്പ് തുടങ്ങിയ ആദിവാസി കോളനികളിൽ നിലവിലുള്ള സൗരോർജ്ജ സംവിധാനം പലപ്പോഴും ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ വൈദ്യുതി കൃത്യമായി ലഭിക്കാത്ത അവസ്ഥയാണുള്ളത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2010-11 വർഷം അനർട്ട് മുഖേന വിതരണം ചെയ്ത സോളാർ ലൈറ്റിംഗ് സിസ്റ്റം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അടിച്ചിൽ-തൊട്ടി കോളനിയിലെ ഏതാനും ചില യൂണിറ്റുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കു-ന്നില്ലെന്നുള്ള പരാതിയെ തുടർന്ന് അനർട്ടിൻെറ ശ്രദ്ധയിൽ-പ്പെടുത്തുകയും വിതരണം ചെയ്ത കമ്പനി തന്നെ പരാതി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ ആദിവാസി കോളനികളിലെല്ലാം വൈദ്യുതി ലൈൻ വലിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | കേരള ഇലക്ട്രിസിറ്റി ബോർഡു-മായി ബന്ധപ്പെട്ട് ഈ വിഷയം പരിശോധിക്കുന്നതാണ്. |
| (സി) | വാച്ചുമരം ആദിവാസി കോളനി നിവാസികൾക്ക് വീട് വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും സ്ഥലമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് ആവശ്യമായ ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. ഇക്കാര്യം പരിശോധിക്കു-ന്നതാണ്. |

സെക്ഷൻ ഓഫീസർ